"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. ഭവന നിർമ്മാണ പദ്ധതി 2015-16 ഗുണഭോക്താവായ ശ്രീ. ബൈജു പാണ്ട്യൻ പറമ്പ് എന്നയാൾ ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ 50,000/- രൂപ മാത്രം ഒടുക്കി ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.857/2024/F&P                                    തീയതി,തിരുവനന്തപുരം, 07-12-2024

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 25/10/2024 തീയതിയിലെ DFTVM/729/2019-N1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഫിഷറീസ് വകുപ്പ് 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ ബി.ഐ.എഫ്-എച്ച്.ഡി.എഫ് ഭവനനിർമ്മാണ പദ്ധതി പ്രകാരം ഗുണഭോക്താവായ ശ്രീ. ബൈജു, പാണ്ട്യൻ പറമ്പ്, തോട്ടപള്ളി എന്ന ഗുണഭോക്താവിനു 03.08.2015 തീയതി ഒന്നാം ഗഡു ധനസഹായമായി 50,000/-രൂപ അനുവദിച്ചിരുന്നതായും എന്നാൽ ടിയാൻ നാളിതുവരെയായി ലഭ്യമായ ധനസഹായം ഉപയോഗിച്ച് ഭവന നിർമ്മാണം ആരംഭിക്കുകയുണ്ടായില്ല എന്നും, ടി കാലയളവിൽ വാഹനാപകടത്തിൽ പരിക്കേറ്റ മാതാവിന്റെ ചികിത്സയ്ക്കായി ധാരാളം പണം ചെലവഴിക്കേണ്ടി വന്നതിനാൽ ഭവന നിർമ്മാണം ആരംഭിക്കുന്നതിന് കഴിയാതെ പോയതെന്നും, ഇപ്പോൾ മറ്റൊരു വസ്തുവും വീടും പുതുതായി വാങ്ങിയതിന്റെ ബാധ്യത തീർക്കാൻ പദ്ധതി പ്രകാരം വീട് വക്കാൻ ഉദ്ദേശിച്ച വസ്തു വിൽക്കുന്നതിനു ആധാരം തിരികെ ലഭിക്കേണ്ടതുണ്ടെന്നും അതിനു വേണ്ടി മുൻ പദ്ധതി പ്രകാരം കൈപ്പറ്റിയ തുക തിരിച്ചടക്കാൻ തയ്യാറാണെന്നും, പരമാവധി ഇളവ് അനുവദിച്ചു ജില്ലാ ഓഫിസിൽ വെച്ചിട്ടുള്ള ആധാരം എത്രയും വേഗം തിരികെ നൽകണമെന്നും ടിയാൻ അപേക്ഷിച്ചിരിക്കുകയാണെന്നും പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ, പ്രസ്തുത അപേക്ഷയിന്മേൽ ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർ അനുകൂലമായി ശുപാർശ ചെയ്തിട്ടുണ്ടെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) അപേക്ഷകൻ ധനസഹായം കൈപ്പറ്റിയ തീയതിയായ 03.08.2015 മുതൽ അപേക്ഷ സമർപ്പിച്ച 29.07.2024 വരെയുള്ള പലിശയായ 80,925/-രൂപയും വകുപ്പിൽ നിന്ന് കൈപ്പറ്റിയ 50,000/- രൂപയും ചേർത്ത് ആകെ 1,30,925/- രൂപയാണ് തിരിച്ചടയ്ക്കേണ്ടതായിട്ടുള്ളതെന്നും, അപേക്ഷകൻ ചൂണ്ടികാണിച്ചിട്ടുള്ള വസ്തുതകൾ കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകിയും, ജില്ല ഓഫീസറുടെ ശുപാർശ കണക്കിലെടുത്തും പലിശ ഒഴിവാക്കി ഭവനനിർമ്മാണ ധനസഹായമായി കൈപ്പറ്റിയ 50,000/- രൂപ മാത്രം ഒടുക്കി ആധാരം തിരികെ നൽകുന്നതിന് അനുമതി നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം

അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും മാനുഷിക പരിഗണന മുൻനിർത്തിയും ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. ഭവന നിർമ്മാണ പദ്ധതി **2015-16** ഗുണഭോക്താവായ ശ്രീ. ബൈജു പാണ്ട്യൻ പറമ്പ് എന്നയാൾ ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ **50,000/-** രൂപ പലിശ ഒഴിവാക്കി മുതൽ ഭാഗം തിരിച്ചടയ്ക്കുന്നതിനുള്ള അനുമതി നൽകിയും, ടി തുക തിരിച്ചടച്ച് കഴിയുമ്പോൾ ആധാരം തിരികെ നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് /എ & ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 09-12-2024 11:18:10